# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 01.03.2025** | **പ്രധാന വാർത്തകൾ** | **TIME : 07.25 PM**

1. ഒരു ദിവസത്തെ കേരള സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ തിരുവനന്തപുരത്തെത്തും.
   **Vice President Jagdeep Dhankhar will arrive in Thiruvananthapuram tomorrow for a one-day visit to Kerala.**
2. മണിപ്പൂരിലെ സുരക്ഷാ സ്ഥിതിഗതി അവലോകനം ചെയ്ത് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ; സംസ്ഥാനത്ത് ശാശ്വത സമാധാനം പുനഃസ്ഥാപിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്രമന്ത്രി.
   **Union Home Minister Amit Shah reviews the security situation in Manipur; Union Minister says the central government is committed to restoring lasting peace in the state.**
3. കേരളത്തിലെ ബോട്ടുകളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പദ്ധതി വ്യാപിപ്പിക്കുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ.
   **Union Minister of State George Kurien says the project of installing transponders on boats in Kerala will be expanded.**
4. സൈബർ കുറ്റാന്വേഷണ രംഗത്ത് അഭിമാനകരമായ നേട്ടങ്ങളാണ് കേരള പോലീസ് സ്വന്തമാക്കിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
   **Chief Minister Pinarayi Vijayan says the Kerala Police has made proud achievements in the field of cyber crime investigation.**
5. മാസപ്പിറവി കണ്ടു; റമദാൻ വ്രതാനുഷ്ഠാനങ്ങൾക്ക് നാളെ തുടക്കം.
   **Ramadan fasting rituals begin tomorrow.**
6. ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇംഗ്ലണ്ടിനെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 180 റൺസ് വിജയലക്ഷ്യം.
   **South Africa sets a target of 180 runs against England in Champions Trophy cricket.**

&&&&&&&&&&&&&&&&

## HEADLINE – 1

## VICE PRESIDENT – KERALA

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ തിരുവനന്തപുരത്ത് എത്തും. കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെൻററിൽ നടക്കുന്ന നാലാമത് പി പരമേശ്വരൻ സ്മാരക പ്രഭാഷണത്തിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. ഉച്ചക്ക് 12 മണിക്കാണ് പരിപാടി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും പരിപാടിയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&

## REV. PM– AGRICULTURE WEBINAR (INTRO)

കാർഷികമേഖലയെ കൂടുതൽ ശക്തിപ്പെടുത്താൻ ഈ വർഷത്തെ കേന്ദ്ര ബജറ്റിലൂടെ സർക്കാർ ശ്രമിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. "കൃഷിയും ഗ്രാമീണ സമൃദ്ധിയും" എന്ന വിഷയത്തിൽ ബജറ്റാനന്തര വെബിനാറിനെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വികസനത്തിൻറെ ആദ്യ എഞ്ചിനായി കൃഷിയെ കണക്കാക്കി കർഷകർക്ക് സർക്കാർ അഭിമാനകരമായ സ്ഥാനം നൽകിയെന്നും പിഎം കിസാൻ സമ്മാൻ നിധി യോജനയിലൂടെ ഇതിനോടകം നാല് ലക്ഷം കോടി രൂപയോളം കർഷകരിലേക്ക് എത്തിക്കാനായെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്....)

&&&&&&&&&&&&&&&&

## PM–NXT CONCLAVE

യുവാക്കളാണ് ഇന്ത്യയുടെ മുൻഗണനയെന്നും പാഠപുസ്തകങ്ങൾക്കപ്പുറം ചിന്തിക്കാനുള്ള അവസരമാണ് ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ വിദ്യാർത്ഥികൾക്ക് ലഭിച്ചതെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന NXT കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഉൽപ്പന്നങ്ങളുടെ കയറ്റുമതി കേന്ദ്രമായി രാജ്യം ഉയർന്നു വരികയാണ്. 'വോക്കൽ ഫോർ ലോക്കൽ', 'ലോക്കൽ ഫോർ ഗ്ലോബൽ' എന്നീ കാഴ്ചപ്പാടുകൾ ഇന്ന് യാഥാർഥ്യമായതായും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

## HEADLINE – 2

## EVE. HM–MANIPUR MEETING

മണിപ്പൂരിലെ സുരക്ഷാ സ്ഥിതിഗതി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അവലോകനം ചെയ്തു. മാർച്ച് 8 മുതൽ സംസ്ഥാനത്തെ എല്ലാ വഴികളിലൂടെയും ജനങ്ങൾക്ക് സ്വൈര സഞ്ചാരം ഉറപ്പാക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. മണിപ്പൂർ ഗവർണർ അജയ് കുമാർ ഭല്ലയുടെ സാന്നിധ്യത്തിൽ ന്യൂഡൽഹിയിൽ ചേർന്ന ഉന്നതതല യോഗത്തിൽ ശ്രീ ഷാ അധ്യക്ഷനായി. ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ, ഇൻറലിജൻസ് ബ്യൂറോ ഡയറക്ടർ തപൻ കുമാർ ദേക, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. മണിപ്പൂരിൽ ശാശ്വത സമാധാനം പുനഃസ്ഥാപിക്കാൻ കേന്ദ്ര സർക്കാർ പൂർണ്ണമായും പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി യോഗത്തിൽ പറഞ്ഞു. കഴിഞ്ഞ മാസം സംസ്ഥാനത്ത് രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയതിന് ശേഷമുള്ള ആദ്യ ഉന്നതതല യോഗമാണിത്.

&&&&&&&&&&&&&&&&

## REV. SITHARAMAN–ACCOUNTS DAY(INTRO)

സാങ്കേതിക വിദ്യയുടെ കാര്യക്ഷമമായ ഉപയോഗത്തിലൂടെ ജനങ്ങളിൽ നിന്ന് പിരിക്കുന്ന നികുതി ഫലപ്രദമായി കൈകാര്യം ചെയ്യാനായെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. ന്യൂ ഡൽഹിയിൽ നടന്ന 49-ാമത് സിവിൽ അക്കൗണ്ട്സ് ദിനാഘോഷങ്ങളിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു കേന്ദ്ര മന്ത്രി. ഡിജിറ്റൽ ഇന്ത്യ സംരംഭത്തിലൂടെ 60 കോടി ഗുണഭോക്താക്കൾക്ക് സുതാര്യമായ സേവനം ഉറപ്പാക്കാനായെന്നും ശ്രീമതി സീതാരാമൻ പറഞ്ഞു.

(ഹോൾഡ് ഫോർ വോയ്സ്)

&&&&&&&&&&&&&&&&

## HEADLINE –3

## GEORGE KURIAN

ഐ എസ് ആർ ഒ യുമായി ചേർന്ന് ഒരു ലക്ഷം ബോട്ടുകളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പദ്ധതി വ്യാപിപ്പിക്കുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വവും ആശയവിനിമയ സാധ്യതയും കണക്കിലെടുത്താണ് പദ്ധതി നടപ്പാക്കുന്നത്. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കുന്ന സംയോജിത തീരദേശ മൽസ്യ ഗ്രാമപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തലശ്ശേരിയിൽ

നിർവഹിക്കുകയായിരുന്നു അദ്ദേഹം. മത്സ്യത്തൊഴിലാളികൾക്ക് ആധുനിക സംവിധാനമുള്ള ബോട്ടുകൾ നിർമ്മിച്ചു നൽകുകയും പരിശീലനം ലഭ്യമാക്കുകയും ചെയ്യും.

&&&&&&&&&&&&&&&&

## HEADLINE – 5

### RAMADAN

വ്രതശുദ്ധിയുടെ 30 ദിനരാത്രങ്ങൾക്ക് നാളെ തുടക്കമാകും. ഇന്ന് കോഴിക്കോട് ജില്ലയിൽ വിവിധ ഇടങ്ങളിൽ റംസാൻ മാസപ്പിറവി ദൃശ്യമായതിനാൽ റംസാൻ ഒന്ന് നാളെ ആയിരിക്കുമെന്ന് കോഴിക്കോട് ഖാസി അറിയിച്ചു. രാജ്യമെമ്പാടും പുണ്യ റമദാൻ വ്രതാനുഷ്ഠാനങ്ങൾക്ക് നാളെ തുടക്കമാകും. ഗൾഫ് രാജ്യങ്ങളിൽ ഇന്നായിരുന്നു റമദാൻ മാസാരംഭം.

&&&&&&&&&&&&&&&&

## HEADLINE – 6

### CHAMPIONS TROPHY

ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇംഗ്ലണ്ടിനെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 180 റൺസ് വിജയലക്ഷ്യം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഇംഗ്ലണ്ട് 70 പന്ത് ബാക്കി നിൽക്കെ 179 റണ്ണിന് പുറത്തായി. മറുപടി ബാറ്റിംഗ് ആരംഭിച്ച ദക്ഷിണാഫ്രിക്ക ഒടുവിൽ വിവരം ലഭിക്കുമ്പോൾ 17 ഓവറിൽ രണ്ട് വിക്കറ്റിന് 95 റൺ എടുത്തിട്ടുണ്ട്. പ്രാഥമിക റൗണ്ടിലെ അവസാന മത്സരത്തിൽ ഇന്ത്യ നാളെ ന്യൂസിലാൻഡിനെ നേരിടും.

&&&&&&&&&&&&&&&&

### RANJI TROPHI

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളത്തിനെതിരെ വിദർഭയ്ക്കു 286 റൺസിൻറെ ലീഡ്. നാലാം ദിനത്തിൽ കളിയവസാനിക്കുമ്പോൾ രണ്ടാം ഇന്നിങ്സിൽ വിദർഭ നാല് വിക്കറ്റിന് 249 റൺസ് എന്ന നിലയിലാണ് .ഒന്നാം ഇന്നിങ്സിൽ വിദർഭ 379 നേടിയപ്പോൾ കേരളം 342 റൺസിന് പുറത്തായി.

&&&&&&&&&&&&&&&&

### ISL

ഐ.എസ് .എൽ ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് , ജംഷഡ്പൂർ പോരാട്ടം . കൊച്ചിയിലെ ജവാഹർലാൽ നെഹ്‌റു സ്റ്റേഡിയത്തിലാണ് മത്സരം. ഇന്ന് നടന്ന മറ്റൊരു മത്സരത്തിൽ -മോഹൻ ബഗാൻ ,

മുംബൈ സിറ്റി മത്സരം സമനിലയിൽ അവസാനിച്ചു ഇരു ടീമും 2 ഗോൾ വീതം നേടി.

**&&&&&&&&&&&&&&&&**

## HEADLINE – 4

### CM– AI Enabled operation centre(INTRO)

സൈബർ കുറ്റാന്വേഷണ രംഗത്ത് അഭിമാനകരമായ നേട്ടങ്ങളാണ് കേരള പോലീസ് സ്വന്തമാക്കിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നിർമ്മിതബുദ്ധിയുടെ സഹായത്താൽ സൈബർ ഭീഷണികളും സുരക്ഷാ പിഴവുകളെയും മുൻകൂട്ടി കണ്ടെത്തി ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള AI enabled ഓപ്പറേഷൻ സെൻററിൻറെ പ്രവർത്തനം രാജ്യത്ത് ആദ്യമായി കേരളത്തിൽ ആരംഭിച്ചത് അഭിമാനകരമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ പോലീസ് വകുപ്പിൻറെ 37 കെട്ടിടങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്....)

**&&&&&&&&&&&&&&&&**

### CHHATTISGARH ENCOUNTER

ഛത്തീസ്ഗഡിലെ സുക്മ ജില്ലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ രണ്ട് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. മാവോയിസ്റ്റുകളുടെ സാന്നിധ്യത്തെക്കുറിച്ച് രഹസ്യ വിവരം ലഭിച്ചതിനെ ത്തുടർന്ന് നടത്തിയ തിരച്ചിലിനിടെയായിരുന്നു ഏറ്റുമുട്ടൽ. പ്രദേശത്ത് ഇപ്പോഴും തിരച്ചിൽ തുടരുകയാണ്.

**&&&&&&&&&&&&&&&&**

### TELANGANA SLBC TUNNEL

തെലങ്കാനയിലെ തുരങ്കത്തിൽ അകപ്പെട്ടവർക്കായുള്ള രക്ഷാപ്രവർത്തനം തുടരുന്നു. നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ തുരങ്കത്തിൽ അകപ്പെട്ട എട്ടു പേരെ തിരിച്ചറിയാൻ കഴിഞ്ഞെന്ന് തെലങ്കാന മന്ത്രി ജെ കൃഷ്ണ റാവു. നാളെ വൈകുന്നേരത്തിനുള്ളിൽ നാല് പേരെയും അടുത്ത രണ്ടു ദിവസത്തിനുള്ളിൽ ശേഷിക്കുന്ന നാല് പേരെയും പുറത്തെത്തിക്കാനുള്ള ശ്രമത്തിലാണെന്നും അദ്ദേഹം അറിയിച്ചു. കഴിഞ്ഞ ശനിയാഴ്ചയാണ് എട്ട് പേർ തുരങ്കത്തിൽ അകപ്പെട്ടത്.

**&&&&&&&&&&&&&&&&**

## UTTARAKHAND – MANA RESCUE UPDATE

ഉത്തരാഖണ്ഡിലെ ചമോലി ജില്ലയിലെ മന ഗ്രാമത്തിൽ ഉണ്ടായ ഹിമപാതത്തിൽ നിന്ന് ഇതുവരെ 50 തൊഴിലാളികളെ സുരക്ഷിതമായി രക്ഷപ്പെടുത്തി, ബാക്കിയുള്ള അഞ്ച് പേർക്കായുള്ള തിരച്ചിൽ പുരോഗമിക്കുകയാണ്. അതേസമയം, പരിക്കേറ്റ നാല് തൊഴിലാളികളുടെ മരണം സ്ഥിരീകരിച്ചു.

&&&&&&&&&&&&&&&&

## DELHI–POLLUTION MEASURES

ഡൽഹിയിലെ വായു മലിനകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 15 വർഷത്തിന് മുകളിൽ പഴക്കമുള്ള വാഹനങ്ങൾക്ക് ഈ മാസം 31 ന് ശേഷം പമ്പുകളിൽ നിന്ന് ഇന്ധനം ലഭ്യമാക്കില്ലെന്ന് ഡൽഹി മന്ത്രി മഞ്ജീന്ദർ സിംഗ് സിർസ അറിയിച്ചു. വായു മലിനീകരണ വിഷയത്തിൽ ഉദ്യോഗസ്ഥരുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇത്തരം വാഹനങ്ങളെ കണ്ടെത്തുന്നതിനായി പ്രത്യേക ഉപകരണങ്ങൾ പമ്പുകളിൽ സ്ഥാപിക്കുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&

## WEATHER – KERALA

കേരളത്തിൽ ഇന്നും നാളെയും സാധാരണയെക്കാൾ രണ്ട് മുതൽ നാല് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വിവിധ ജില്ലകളിൽ മഴയ്ക്ക് സാധ്യതയെന്നും കാലാവസ്ഥാ വിഭാഗം അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് പോകരുതെന്ന് നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&

## KERALA CM – WOMENS DAY CELEBRATION

വനിതകൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കാൻ ഒരുമിച്ച് പ്രവർത്തിക്കണമെന്നും അതിനുതകുന്ന വിവിധ പദ്ധതികളുമായി സർക്കാർ ഒപ്പമുണ്ടെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. കേരള സംസ്ഥാന വനിതാ കമ്മീഷൻ സംഘടിപ്പിച്ച അന്താരാഷ്ട്ര വനിതാ ദിനാചാരണം തിരുവനന്തപുരത്ത് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വനിതാ കമ്മീഷൻറെ സ്ത്രീ ശക്തി, ജാഗ്രതാ സമിതി പുരസ്ക്കാരങ്ങൾ മുഖ്യമന്ത്രി സമ്മാനിച്ചു.

&&&&&&&&&&&&&&&&

## PM–NXT CONCLAVE MEET

ന്യൂഡൽഹിയിലെ NXT കോൺക്ലേവിനിടെ, ശ്രീലങ്കൻ മുൻ പ്രസിഡന്റ് റനിൽ വിക്രമസിംഗെ യുമായും ഓസ്‌ട്രേലിയൻ മുൻ പ്രധാനമന്ത്രി ടോണി ആബട്ടുമായും പ്രധാനമന്ത്രി നരേന്ദ്ര മോദി ആശയവിനിമയം നടത്തി.

&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&